ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

dtekerala@gmail.com

0471 2561307

**<u>നടപടിക്രമം</u>**

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - കണ്ണൂർ സർക്കാർ പോളിടെക്നിക് കോളേജിൽ നിന്നും വയനാട് സർക്കാർ എഞ്ചിനീയറിംഗ് കോളേജിലേക്ക് പുനർവിന്യസിക്കപ്പെട്ട സിക്ക് റൂം അറ്റൻഡർ തസ്തികയിലേക്ക് സ്ഥലം മാറ്റം നൽകി നിയമനം ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം (ഡി ) വിഭാഗം**

**നം. DTETVM/6185/2026-ED2** **തിരുവനന്തപുരം, തീയതി:14-09-2026**

---

വായന:- 1.11.06.2026 തീയതിയിലെ സ.ഉ (സാധാ) 672/2026/HEDN നമ്പർ സർക്കാർ ഉത്തരവ് .
2.29.06.2026 തീയതിയിലെ തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റലിൽ നിന്നുള്ള GECTCH/150/2026/E4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കണ്ണൂർ സർക്കാർ പോളിടെക്നിക് കോളേജിൽ നിന്നും ഒരു സിക്ക് റൂം അറ്റൻഡർ തസ്തിക വയനാട് സർക്കാർ എഞ്ചിനീയറിംഗ് കോളേജിലേക്ക് സ്ഥിരമായി പുനർവിന്യസിച്ച് വായന (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. വയനാട് സർക്കാർ എഞ്ചിനീയറിംഗ് കോളേജിലേക്ക് പുനർവിന്യസിക്കപ്പെട്ട സിക്ക് റൂം അറ്റൻഡർ തസ്തികയിലേക്ക് തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റലിലെ സിക്ക് റൂം അറ്റൻഡർ ശ്രീ. പ്രേമനാഥൻ വി ജി (പെൻ-720963) വായന (2) പ്രകാരം സ്ഥലം മാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കണ്ണൂർ സർക്കാർ പോളിടെക്നിക് കോളേജിൽ നിന്നും വയനാട് സർക്കാർ എഞ്ചിനീയറിംഗ് കോളേജിലേക്ക് പുനർവിന്യസിക്കപ്പെട്ട സിക്ക് റൂം അറ്റൻഡർ തസ്തികയിൽ തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റലിലെ സിക്ക് റൂം അറ്റൻഡർ ശ്രീ. പ്രേമനാഥൻ വി ജി-യ്ക്ക് സ്ഥലം മാറ്റം നൽകി നിയമിച്ചും, പുനർവിന്യസിക്കപ്പെട്ട സിക്ക് റൂം അറ്റൻഡർ തസ്തികയിൽ കണ്ണൂർ സർക്കാർ പോളിടെക്നിക് കോളേജിൽ ജോലി ചെയ്തിരുന്ന ശ്രീ.സനൽകുമാർ പി-യ്ക്ക് ശ്രീ. പ്രേമനാഥൻ വി ജി വിടുതൽ ചെയ്യുന്നത് മുഖേനയുണ്ടാകുന്ന തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റലിലെ സിക്ക് റൂം അറ്റൻഡർ ഒഴിവിൽ സ്ഥലം മാറ്റം നൽകി നിയമിച്ചും ഉത്തരവാകുന്നു.

സ്ഥാപന മേധാവികൾ ടി ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും വിടുതൽ/ ചേരുംകാലം യഥാക്രമം അറിയിക്കേണ്ടതുമാണ്. കൂടാതെ സ്ഥാപന മേധാവികൾ സ്പാർക്കിലും (SPARK) MIS ലും ഇത് സംബന്ധമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതുമാണ്. അപേക്ഷ പ്രകാരമുള്ള സ്ഥലംമാറ്റത്തിന് ചേരുംകാലം ഉണ്ടായിരിക്കുന്നതല്ല.

Digitally signed by
SUBHALEKSHMY R
Date: 14-09-2026
14:48:54

SUBHALEKSHMY R
SENIOR FINANCE OFFICER

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്കും, ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. ഇ - ഓഫീസ് കരുതൽ ഫയൽ